# കോട്ടക്കൽ നഗരസഭ സെക്രട്ടറിയുടെ ഉത്തരവു നടപടികൾ
**(ഹാജർ : കുരിയാക്കോസ് എ. സി)**

കോട്ടക്കൽ നഗരസഭ– എഞ്ചിനീയറിംഗ് വിഭാഗം– കോട്ടക്കൽ വിദ്യാഭവൻ സ്കൂൾ ഗ്രൗണ്ട് നിർമ്മാണം– അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**H1-15163//12** **നഗരസഭാകാര്യാലയം, കോട്ടക്കൽ, തിയതി : 06.10.2012.**

---

**പരാമർശം :** 1) കോട്ടക്കൽ വിദ്യാഭവൻ ചാരിറ്റബിൾ സൊസൈറ്റി പ്രിസിഡന്റിന്റെ 01.10.2012ലെ അപേക്ഷ.

2) മുനിസിപ്പൽ എഞ്ചിനീയറുടെ 5.10.2012ലെ റിപ്പോർട്ട്.

3) 05.06.2012ലെ 50/2012-13/LT/DOM/M-1011/2012 നമ്പർ പെർമിറ്റ്.

4) ശ്രീ. ജാബിർ കോട്ടക്കൽ 14.09.2012ൽ സമർപ്പിച്ച അപേക്ഷ.

5) ശ്രീ.ചെമ്മരത്ത് രാമചന്ദ്രൻ 27.06.2012, 20.09.2012നു സമർപ്പിച്ച പരാതികൾ.

6) നഗരസഭ ചെയർപേഴ്സന്റെ 06.10.2012ലെ നിർദ്ദേശം.

## <u>ഉത്തരവ്</u>

കോട്ടക്കൽ വിദ്യാഭവൻ ചാരിറ്റബിൾ സൊസൈറ്റി ഉടമസ്ഥതയിലുള്ള കോട്ടക്കൽ വില്ലേജിൽ റി.സ. 255/6ൽപ്പെട്ട, കോട്ടക്കൽ വിദ്യാഭവൻ ഇംഗ്ലീഷ് മീഡിയം സ്കൂളിനോടു ചേർന്നുള്ള വസ്തു കളിസ്ഥലമായി വികസിപ്പിക്കുന്നതനു $3000M^3$ ഭൂമി കട്ട് ചെയ്തു ലൈവൽ ചെയ്യുന്നതിനുള്ള അനുമതിക്കായി പരാമർശം (1) പ്രകാരം ടി സൊസൈറ്റിയുടെ പ്രിസിഡന്റ് അപേക്ഷയും Planഉം സമർപ്പിച്ചിട്ടുള്ളതാകുന്നു. KMBR പ്രകാരമുള്ള അനുവാദം പരാമർശം (1) പ്രകാരമുള്ള ഗ്രൗണ്ട് നിർമ്മാണത്തിനു ആവശ്യമില്ലെന്ന് മുനിസിപ്പൽ എഞ്ചിനീയർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാകുന്നു. പരാമർശം (3) പ്രകാരം ഗ്രൗണ്ട് നിർമ്മിക്കുന്നതിനു ഉദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് നിന്നും കല്ല് വെട്ടി എടുക്കുന്നതിന് മൈനിംഗ് & ജിയോളജി ഡിപ്പാർട്ട്മെന്റ് അനുമതി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ക്വാറിക്കുള്ള ലൈസൻസിനു പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാകുന്നു. ശ്രീ. രാമചന്ദ്രൻ ചെമ്മരത്ത്. ടി സ്ഥലത്ത് ക്വാറി ലൈസൻസ് നൽകുന്നതിനെതിരെ പരാതി പരാമർശം (5) പ്രകാരം സമർപ്പിച്ചിട്ടുള്ളതുമാകുന്നു. പരാമർശം (6) പ്രകാരം ടി വസ്തുവിൽ കളിസ്ഥലം നിർമ്മിക്കുന്നതിനു അനുമതി നൽകുന്നതിനു നഗരസഭ ചെയർപേഴ്സൻ നിർദ്ദേശിച്ചിട്ടുള്ളതുമാകുന്നു.

മേൽ വസ്തുതകൾ വിശദമായി പരിശോധിക്കുകയും സ്ഥലം സന്ദർശിക്കുകയും ചെയ്തു. കളിസ്ഥലം നിർമ്മിക്കുന്നതിനു ഉദ്ദേശിച്ചിട്ടുള്ള സ്ഥലം കോട്ടക്കൽ വിദ്യാഭവൻ ഇംഗ്ലീഷ് മീഡിയം സ്കൂളിനോട് ചേർന്നുള്ള സ്ഥലമാണ്. ടി സ്ഥലം ഒരു കുന്നിന്റെ മുകൾ ഭാഗത്തായി സ്ഥിതി ചെയ്യുന്നു 430 ഓളം വിദ്യാർത്ഥികൾ ടി സ്കൂളിൽ പഠിക്കുന്നതായി അറിയുന്നു. സ്കൂളിനു സ്വന്തമായി കളിസ്ഥലമില്ല കളിസ്ഥലം നിർമ്മിക്കുന്നതിനു ഉദ്ദേശിച്ചിട്ടുള്ള വസ്തുവിൽ നിന്നും ഭാഗീകമായി കല്ലും മണ്ണും നീക്കം ചെയ്തിട്ടുള്ളതായും കാണപ്പെട്ടിട്ടുണ്ട്. കളിസ്ഥലം നിർമ്മിക്കുന്ന വസ്തുവിൽ നിന്നും കല്ല് വെട്ടി എടുക്കുന്നതിനു മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അനുവാദം ലഭിക്കുകയും ക്വാറി ലൈസൻസിനു അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളിനോട് ചേർന്ന് ക്വാറി പ്രവർത്തിപ്പിക്കുന്നതിനു

അനുതി നൽകുന്നത് അപകടത്തിന് കാരണമാകും എന്നതിനാൽ ക്വാറി പ്രവർത്തിക്കുന്നതിനു പരാമർശം (4) പ്രകാരം സർപ്പിച്ച അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു. എന്നാൽ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കായികകലകൾ പ്രോത്സാഹിപ്പിക്കുന്നതിനു കളിസ്ഥലം അത്യാവശ്യം ആകയാൽ താഴെ പറയുന്ന നിബന്ധനകളോട് കൂടി പരാമർശം (1) അപേക്ഷയിൽ കാണിച്ചിട്ടുള്ള വസ്തുവിൽ കളിസ്ഥലം നിർമ്മിക്കുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു.

1) സ്കുൾ കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തിനേക്കാൾ താഴ്ത്തി കല്ലും മണ്ണും നീക്കം ചെയ്തു കളിസ്ഥലം നിർമ്മിക്കുവാൻ പാടില്ല.

2) കല്ലും മണ്ണും നീക്കം ചെയ്യുന്ന പ്രവർത്തി സ്കൂൾ സമയത്തു പാടില്ലാത്തതാണ്.

3) കളിസ്ഥലം നിർമ്മിക്കുന്ന വസ്തുവിന്റെ വടക്കുവശത്തു വഴി സംരക്ഷണ ഭിത്തികെട്ടി 8 അടി വീതിയിൽ വഴിക്ക് സ്ഥലം സൗജന്യമായി വിടേണ്ടതാണ്.

4) കല്ലും മണ്ണും നീക്കം ചെയ്യുന്നതുമൂലം അടുത്തുള്ള വസ്തുക്കൾക്ക് നാശ നഷ്ടങ്ങൾ സംഭവിക്കാതിരിക്കുന്നതിനു ആവശ്യമായ മുൻകരുതലുകൾ കൈക്കൊള്ളേണ്ടതാണ്.

5) ടി ഉത്തരവ് കൗൺസിൽ തീരുമാനത്തിതനു വിധേയമായിരിക്കുന്നതാണ്.

**സെക്രട്ടറി**
**കോട്ടക്കൽ നഗരസഭ**

**സ്വീകർത്താവ്**

**Dr. ബാലചന്ദ്രൻ,**
**പ്രസിഡണ്ട്,**
**കോട്ടക്കൽ വിദ്യാഭവൻ ചാരിറ്റബിൾ ട്രസ്റ്റ്**

**പകർപ്പ് :** 1) ബഹു. ചെയർപേഴ്സൺ, വൈസ് ചെയർമാൻ, സെക്രട്ടറി, എന്നിവരുടെ മേശപ്പുറം.
2) മുനിസിപ്പൽ എഞ്ചിനീയർ,
3) ടി.പി. ജാബിർ, S/o. കോയകുട്ടി, തത്രംപള്ളി ഹൗസ്, ഇന്ത്യനൂർ.
4) രാമചന്ദ്രൻ ചെമ്മരത്ത്, മെമ്പർ, കോട്ടക്കൽ വിദ്യാഭവൻ ചാരിറ്റബിൾ ട്രസ്റ്റ്
5) നോട്ടീസ് ബോർഡ്, വെബ്സൈറ്റ്,